"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി പുനസംഘടിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2380/2023/LSGD തീയതി,തിരുവനന്തപുരം, 01-12-2023

---

പരാമർശം:-

1. സ.ഉ.(സാധാ) 3747/1999/തസ്വഭവ തീയതി 13/12/1999.
2. സ.ഉ.(കൈ) 149/2009/തസ്വഭവ തീയതി 31/07/2009.
3. 19/08/2023ന് ചേർന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ അജണ്ട ഇനം നം. 2-ലെ തീരുമാനം.
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.09.2023ലെ 4339/എ/2023/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വ മിഷന്റെ 35-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരാമർശം (3) ലെ തീരുമാനപ്രകാരം കേരള സ്റ്റേറ്റ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് ഡയറക്ടറേയും, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറേയും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗങ്ങളായി ഉൾപ്പെടുത്തണമെന്ന് പരാമർശ (4) കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം രൂപീകൃതമായ ശുചിത്വ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുവടെ പറയും പ്രകാരം പുനസംഘടിപ്പിച്ച് ഉത്തരവാകുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നിർദ്ദിഷ്ട മീറ്റിംഗുകളിലേക്ക് ആവശ്യാനുസരണം മറ്റ് മിഷനുകളെയും വകുപ്പ് മേധാവികളെയും ക്ഷണിക്കുന്നതിനും അനുമതി നൽകുന്നു.

**എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ**

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്
2. ഡയറക്ടർ (അർബൻ) തദ്ദേശസ്വയം ഭരണ വകുപ്പ്

3. ഡയറക്ടർ (റൂറൽ), തദ്ദേശസ്വയം ഭരണ വകുപ്പ്
4. ചീഫ് എഞ്ചിനീയർ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് (LID & EW), തദ്ദേശ സ്വയംഭരണ വകുപ്പ്
5.എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
6. കോ-ഓർഡിനേറ്റർ, നവകേരളം മിഷൻ
7. മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് മലിനീകരണ നിയന്ത്രണ ബോർഡ്
8. പ്രോജക്ട് ഡയറക്ടർ, KSWMP
9. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
10.മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
അംഗങ്ങൾക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/135/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 01-12-2023 16:41:24
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേസസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേസസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്